# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 930

11 .07.2016-ൽ
മറുപടിയ്ക്ക്

**'കാസർഗോഡ് ജില്ലയിലെ വില്ലേജ്, താലൂക്ക്, ആർ. ഡി. ഒ., കളക്ടറേറ്റ് എന്നിവിടങ്ങളിലെ തപാൽ/ഫയലുകൾ '**

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ വില്ലേജ്, താലൂക്ക്, ആർ. ഡി. ഒ., കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന തപാൽ/ഫയലുകൾ ഇപ്പോൾ എത്ര ദിവസത്തിനകം തീർപ്പ് കല്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ വില്ലേജ് താലൂക്ക്, ആർ. ഡി. ഒ., കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന തപാലുകളും/ ഫയലുകളും ഡി. ഒ. എം (ഡിസ്ട്രിക്റ്റ് ഓഫീസ് മാന്വൽ) പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ, അടിയന്തിര പ്രാധാന്യ വിഷയത്തിൽ അടിയന്തിര പ്രാധാന്യത്തോടെ നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) തപാൽ/ഫയലുകളിൽ പത്ത് ദിവസത്തിനകം ഇടക്കാല മറുപടി/തീർപ്പുകല്പിക്കൽ നടത്താൻ നടപടി ഉണ്ടാകുമോ; | (ബി) തപാൽ/ഫയലുകളിൽ ഡി. ഒ. എം. പ്രകാരം നിഷ്കർഷിച്ച സമയപരിധിയ്ക്കുള്ളിൽ നടപടി സ്വീകരിക്കാനാണ് നിലവിൽ നിർദ്ദേശം ഉള്ളത്. എന്നാൽ, അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ സമയപരിധി നോക്കാതെ അടിയന്തിരമായി നടപടി സ്വീകരിക്കാറുണ്ട്. |
| (സി) ഇവിടങ്ങളിൽ എത്ര ഫയലുകൾ പെന്റിംഗായിട്ടുണ്ടെന്നും ആറ് മാസത്തിലധികം പെന്റിംഗായ എത്ര ഫയലുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ; | (സി) ആർ. ഡി. ഒ. ഓഫീസിൽ 5946 ഫയലുകളും കാസർഗോഡ് താലൂക്ക് ഓഫീസിൽ 6000 ഫയലുകളും ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസിൽ 6428 ഫയലുകളും, മഞ്ചേശ്വരം താലൂക്ക് ഓഫീസിൽ 5833 ഫയലുകളും വെള്ളരിക്കുണ്ട് താലൂക്കിൽ 3684 ഫയലുകളും, കാസർഗോഡ് കളക്ടറേറ്റിൽ 38353 ഫയലുകളും തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ട്. ആറ് മാസത്തിലധികം പെന്റിംഗ് ആയ ഫയലുകൾ ഇപ്രകാരമാണ് . കാസർഗോഡ് താലൂക്ക്- 4600, ഹോസ്ദുർഗ്ഗ് താലൂക്ക്- 4810, വെള്ളരിക്കുണ്ട് താലൂക്ക്- 2888, മഞ്ചേശ്വരം താലൂക്ക്-4833, ആർ. ഡി. ഒ. ഓഫീസ് 4857, കളക്ടറേറ്റ് കാസർഗോഡ്- 31034 |
| (ഡി) ദീർഘ കാലങ്ങളായി പെന്റിംഗായ ഫയലുകളിൽ തീർപ്പ് കല്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) ദീർഘകാലമായി പെന്റിംഗ് ആയിട്ടുള്ള ഫയലുകളിൽ ഫയൽ വർക്ക് ഷോപ്പ് നടത്തി തീർപ്പ് കൽപ്പിക്കാറുണ്ട്. 2016 മാർച്ച് മാസത്തിൽ മിഷൻ 30 ഡേയ്സ് എന്ന പേരിൽ ഫയൽ ഡിസ്പോസൽ നടത്തി ജില്ലയിൽ 17265 ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ